# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.806        10.06.2019 -ലെ മറുപടിക്ക്**

## തിരുവമ്പാടി മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമപദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജോർജ്ജ് എം. തോമസ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് തിരുവമ്പാടി നിയോജക മണ്ഡലത്തിൽ അനുവദിക്കപ്പെട്ട അംബേദ്ക്കർ ഗ്രാമപദ്ധതിയുടെ പ്രവർത്തനപുരോഗതി വിശദമാക്കുമോ ; | (എ) | ഈ സർക്കാരിന്റെ കാലത്ത് തിരുവമ്പാടി നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള തടപ്പറമ്പ് പട്ടികജാതി കോളനി, കൈയിട്ടാപൊയിൽ പട്ടികജാതി കോളനി എന്നീ കോളനികളിലെ പ്രവൃത്തികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.<br><br>**1.തടപ്പറമ്പ് പട്ടികജാതി കോളനി**<br>വീടുകളുടെ അറ്റകുറ്റ പ്രവൃത്തികൾ - 25 എണ്ണം, തടപ്പറമ്പ് കോളനി റോഡ് റീടാറിംഗ്, അച്ചുതൻ റോഡ് കോൺക്രീറ്റ്, തടപ്പറമ്പ് ചേനാം തൊടിക റോഡ്, ശാന്ത-വസന്ത നടപ്പാത, മുല്ലമ്പത്തു കണ്ടി നടപ്പാത, കാതോട് നടപ്പാത, കുടിവെള്ള പദ്ധതിയ്ക്കുള്ള മോട്ടോർ സ്ഥാപിക്കൽ, വാർഡ് സഭാ കമ്മ്യൂണിറ്റി ഹാൾ, ലൈബ്രറി എന്നിവിടങ്ങളിൽ ഫർണിച്ചർ വിതരണം എന്നീ പ്രവൃത്തികൾ പൂർത്തിയാക്കി. വാർഡ് സഭാ ഹാളിന്റെ പ്രവൃത്തി അന്തിമഘട്ടത്തിലാണ്.<br><br>**2.കൈയിട്ടാപൊയിൽ എസ്.സി. കോളനി**<br>കുടിവെള്ള പദ്ധതി-പൈപ്പ് ലൈൻ മോട്ടോർ സ്ഥാപിക്കൽ, ഭവന പുനരുദ്ധാരണം, ഡ്രൈനേജ് പൈപ്പിടൽ, ഓരങ്കുഴി റോഡ്, കണ്ണൻകുട്ടി റോഡ്, കല്യാണിപാലകുന്നത്ത് |

| | | | |
|---|---|---|---|
| | | | റോഡ്, സൗമിനി ടി.ടി. കോൺക്രീറ്റ് റോഡ്, നീലി -ശാന്ത നടപ്പാത എന്നീ പ്രവൃത്തികൾ പൂർത്തിയാക്കി. ചോല കച്ചേരി റോഡ്, പെറ്റുളിച്ചാലിൽ റോഡ്, പാലകുന്നത്ത് വായന റോഡ് എന്നീ പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| (ബി) | പുതിയതായി അനുവദിച്ച കോളനികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | പ്രാഥമിക വിവരശേഖരണം നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ